***സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം***
***സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ***
***നടപടി ക്രമങ്ങൾ***

*(ഹാജർ ശ്രീമതി.ടി.വി. അനുപമ* **IAS** *– വനിതശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,* **SCPS***)*

വിഷയം: - വനിതശിശുവികസന വകുപ്പ് - ICPS - തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിററ് – 2020- 2021 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രൊപ്പോസലുകൾക്ക് അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- (1) 21.08.2020 ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മറ്റി താരുമാനം
(2) ഈ ഓഫീസിലെ ICPS3/2510/20 നമ്പർ ഉത്തരവ്.തീയതി.24.09.20

***ഉത്തരവ് നമ്പർ-* ICPS-3/1581/2020 *തീയതി:* 21/12/2020**

തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിററ് മുഖേന 2020-2021 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസർ സമർപ്പിക്കുകയും ആയതിന് സൂചന ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിററി അംഗീകാരം നൽകുകയും സൂചന രണ്ട് പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു.

തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിററ് സമർപ്പിച്ച പ്രൊപ്പോസൽ ചുവടെ ചേർക്കുന്നു.

| നം. | *പദ്ധതിയുടെ / പരിപാടിയുടെ സംക്ഷിപ്ത വിവരം* |
|---|---|
| 1 | *ഫോമുകൾ പ്രിന്റ് ചെയ്യുന്നതിനുള്ള പ്രൊജക്ട്*<br>ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കാര്യാലയത്തിലേക്ക് ആവശ്യമായ മുഴുവൻ ഫോമുകളും പ്രിന്റ് എടുക്കുന്നതിനുള്ള പ്രപ്പോസൽ (Form – 20, (Foster Care),Scheduled – VII (Adoption)Applicationfor Sponsorship & Foster Care) |

മേൽ പട്ടിക പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിററിലേക്ക് ഫോമുകൾ പ്രിന്റ് ചെയ്യുന്നതിന് ICPS ഗൈഡ്‌ലൈൻ പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിററിന് ചിലവഴിക്കാവുന്ന അഡ്മിനിസ്ട്രേററീവ് എക്സ്പെൻസിൽ നിന്നും 24,920/- രൂപ വിനിയോഗിക്കുന്നതിന് അനുമതി ഉത്തരവാകുന്നു. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-61-(P)-34OC ശീർഷകത്തിൽ നിന്നും തൃശ്ശൂർ ഡി.സി.പി.ഒ യ്ക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്.

പരിപാടി നടത്തിയതിനു ശേഷം അസ്സൽ ബില്ലുകളുടെ പകർപ്പ്, എക്സ്പെൻഡിച്ചർ സ്റ്റേററ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കററ് തുടങ്ങിയവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. പരിപാടിയുടെ വിശദമായ ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് ഡി.സി.പി.ഒ. ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്.

(ഒപ്പ്)

*വനിത ശിശുവികസന ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (*SCPS)

<u>പകർപ്പ്:</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,തൃശ്ശൂർ
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തൃശ്ശൂർ
3. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
4. ICPS - 4
5. സ്റ്റോക്ക് ഫയൽ
6. Web Site

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME ★ WOMEN & CHILD DEVELOPMENT ★ THIRUVANANTHAPURAM